## CHAPTER: 5

CH :1 - CH : 4 വരെ രണ്ടു കാര്യങ്ങളാണ് പ്രതിപാദിച്ചത്

1. വിശ്വാസത്താലുള്ള നീതീകരണം. രക്ഷ. [Salvation by faith]
2. വി.പൗലൂസിന്റെ അപ്പസ്തലൻ എന്ന പദവിയുടെ ആധികാരികത. Authenticity as Apostle.

CH : 5 മുതൽ പൗലൂസ് വേറോരു Theme ലേക്ക് കടക്കുന്നു. ക്രിസ്തീയ വിശ്വാസിയുടെ സ്വാതന്ത്ര്യം. Christian freedom.

പൗലൂസിന്റെ പ്രസംഗങ്ങളും പഠിപ്പിക്കലും ക്രിസ്തീയ വിശ്വാസിയെ നിയമരാഹിത്വ ജീവിതത്തിലേക്ക് നടത്തുകയാണോ ചെയ്യുന്നത്?

അതോ അനുസരിക്കയും വിനയപ്പെടുകയും സ്നേഹിക്കുകയും ചെയ്യാൻ വെമ്പുന്ന ആത്മീക സ്വഭാവത്തിലേക്കോ?

ക്രിസ്തീയ വിശ്വാസം ന്യായപ്രമാണത്തിന്റെ ആചരണം ആവശ്യപ്പെടുന്നില്ല. അതേ സമയം എന്തും, തോന്നിയതുപോലെ പ്രവൃത്തിക്കാനുള്ള licence ഉം അല്ല.

പിന്നെയോ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും ദൈവകൃപയിലും നയിക്കപ്പെടുന്ന സേവനമാർഗ്ഗത്തിലേക്ക് നടത്തപ്പെടുന്നു.

A. Life Apart from Law 5:1-12

Gal 5:1 ഈ വാക്യം 4-ാം അദ്ധ്യായത്തിന്റെ രത്നചുരുക്കം എന്തെന്ന് വെളിവാക്കുന്നു. അതേ സമയം 5-ാം അദ്ധ്യായത്തിലേക്ക് നമ്മെ സ്വാഗതം ചെയ്യുന്നു.

വി. പൗലൂസിന്റെ ഭാഷയിൽ ക്രിസ്തു ഏറ്റവും വലിയ സ്വാതന്ത്ര്യത്തിന്റെ രക്ഷകൻ, The great Liberator.

അനേകായിരങ്ങളെ ബന്ധനത്തിൽ നിന്നും വിടുവിച്ച് സ്വതന്ത്രരാക്കിയ രക്ഷകൻ.

വി.പൗലൂസ് ഗലാത്യരെ പ്രബോധിപ്പിക്കുന്നു. "ഉറച്ചു നിൽക്ക."

1 Cor 16:13 ലും നാം ഈ പ്രബോധനം കാണുന്നു.

1 Cor 16:13 *ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ; ശക്തിപ്പെടുവിൻ.*

Ref : Phil 1:27, 4:1, 1 Thess 3:8, 2 Thess 2:15

Phil 1:27 *ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്നു എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിന്നായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിന്നു ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ.*

Phil 4:1 *അതുകൊണ്ടു എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനില്പിൻ, പ്രിയമുള്ളവരേ.*

1 Thess 3:8 *നിങ്ങൾ കർത്താവിൽ നിലനിലക്കുന്നു എന്നു അറിഞ്ഞു ഞങ്ങൾ വീണ്ടും ജീവിക്കുന്നു.*

2 Thess 2:15 *ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറെച്ചുനിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ.*

Stand firm in the Liberty. സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്ക. ജാതികളുടെ മ്ലേച്ഛതയുടെ അടിമത്വത്തിൽ നിന്നും ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം പ്രാപിച്ചവർ ന്യായപ്രമാണത്തിന്റെ അടിമത്വത്തിലേക്ക് വീഴേണ്ടവരല്ല. ആകയാൽ ലഭിച്ച സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്കുന്നു.

fleettech@gmail.com

| | |
|---|---|
| Gal 5:2 | “രക്ഷയ്ക്ക് പരിഛേദന” ആവശ്യമാണെന്നുള്ള യഹൂദാവാദികളുടെ പഠിപ്പിക്കലിനെ വി.പൗലൂസ് ശക്തിയായി എതിർക്കുന്നു. |
| | രക്ഷയ്ക്ക് പരിഛേദന ഏല്ക്കണം എന്ന് വാദിക്കുന്നവർ, വിശ്വാസത്താലുള്ള രക്ഷ യുടെ സ്ഥാനത്ത് “പ്രവൃത്തിയാലുള്ള രക്ഷ” എന്ന ന്യായപ്രമാണ തത്വത്തിലേക്ക് വിശ്വാസികളെ വലിച്ച് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. |
| | വി.പൗലൂസ് "Circumcision" എന്ന വിഷയത്തോടല്ല എതിർപ്പ് അറിയിക്കുന്നത്. അങ്ങ നെയെങ്കിൽ തിമോത്തിയെ പരിഛേദന ഏൽക്കാൻ അനുവദിക്കയില്ലായിരുന്നു. |
| | [Acts 16:1-3] തിമോത്തിയും തന്റെ ശുശ്രൂഷയിൽ എല്ലാവരുടെയും ഇടയിൽ അംഗീ കരണം നേടുവാനായി പരിഛേദന ഏറ്റു. |
| Acts 16:1-3 | *അവൻ ദെർബ്ബെയിലും ലുസ്ത്രയിലും ചെന്നു. അവിടെ വിശ്വാസമുള്ളോരു യെഹൂദ സ്ത്രീയുടെ മകനായി തിമൊഥെയൊസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. അവന്റെ അപ്പൻ യവനനായിരുന്നു. അവൻ ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു. അവൻ തന്നോടുകൂടെ പോരേണം എന്നു പൗലൊസ് ഇച്ഛിച്ചു; അവന്റെ അപ്പൻ യവനൻ എന്നു അവിടങ്ങളിലുള്ള യഹൂദന്മാർ എല്ലാവരും അറിഞ്ഞിരുന്നതിനാൽ അവരെ വിചാരിച്ചു അവനെ പരിച്ഛേദന കഴിപ്പിച്ചു.* |
| | വിശ്വാസത്താലുള്ള നീതീകരണം എന്ന സ്ഥാനത്ത് “പ്രവൃത്തിയാലുള്ള രക്ഷ” എന്ന ന്യായപ്രമാണതത്വത്തിലേക്ക് ക്രിസ്തീയ വിശ്വാസികളെ തെറ്റായി നടത്തുന്നതിനെ യാണ് പൗലൂസ് എതിർത്തത്. |
| | അങ്ങനെ തെറ്റിപ്പോകുന്നവർക്ക് “വിശ്വസിച്ച് രക്ഷ” പ്രാപിക്കുന്ന ക്രിസ്തീയ അനുഭവം നഷ്ടമാകും. |
| Gal 5:3 | ന്യായപ്രമാണം ഭാഗികമായി ആചരിക്കുവാൻ കഴിയുന്നതല്ല. പരിഛേദന ഏല്ക്കുന്ന വ്യക്തി, ന്യായപ്രമാണം മുഴുവനും പാലിക്കാൻ കടപ്പെട്ടവനത്രെ. |
| | He is a debtor to Law’s entire code. Also he is debtor to all its requirement and all its curses. |
| | Ref : Gal 3:10 James 2:10 |
| Gal 3:10 | *എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴാകുന്നു; ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്നതു ഒക്കെയും ചെയ്വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നുവല്ലോ.* |
| James 2:10 | *ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിന്നും കുറ്റക്കാരനായിത്തീർന്നു.* |
| Gal 5:4 | രണ്ട് വഴികൾ: ഒന്ന് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിലൂടെ “രക്ഷ” അന്വേഷി ക്കുന്നു. ആ വഴിയിലൂടെ ഒന്നാമത്തെ step ആയി Circumcision നെ കാണാം. ഈ വഴി യിലൂടെ “രക്ഷ”അന്വേഷിക്കുന്നവർ “രക്ഷ”യിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടും. ഒന്നിൽ തെറ്റിയാൽ സകലത്തിലും തെറ്റുന്ന code ആണ് ന്യായപ്രമാണം. Salvation Through Law. |
| | അതേ സമയം ഇതാ ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ രക്ഷ നമുക്കായി നൽകപ്പെട്ടിരിക്കുന്നു. ഇതാണ് കൃപയുടെ വഴി. Salvation Through Grace. |
| | ഈ കൃപ ഏത് ഹീനപാപിയെയും യേശുവിൻ രക്തത്തിലുള്ള വിശ്വാസത്താൽ ശുദ്ധീ കരിക്കുന്നു. രക്ഷയുടെ ഉടമയാക്കുന്നു. |
| | ന്യായപ്രമാണത്താൽ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ, കൃപയിൽ നിന്ന് വീണു പോയി. |
| Gal 5:5 | യഹൂദാവാദികളും “കൃപയുടെ സുവിശേഷകരും” തമ്മിലുള്ള വ്യത്യാസം എന്ത്? |

fleettech@gmail.com

വിശ്വാസത്താൽ നീതീകരണവും രക്ഷയും സ്വന്തമാക്കിയവർ തങ്ങളുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പൂർത്തീകരണത്തിനായി വാഞ്ചയോടെ കാത്തിരിക്കുന്നു. യാതൊരു സംശയവും ഇല്ല. തങ്ങൾ കാത്തിരിക്കുന്നത് തീർച്ചയായും പ്രാപിക്കും.

Rom 8:19,23,25 *സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.*

*ആത്മാവെന്ന ആദ്യ ദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന്നു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു.*

*നാം കാണാത്തതിന്നായി പ്രത്യാശിക്കുന്നു എങ്കിലോ അതിന്നായി ക്ഷമയോടെ കാത്തിരിക്കുന്നു.*

1 Cor 1:7 *ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു.*

Phil 3:20 *നമ്മുടെ പൌരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു.*

Heb 9:28 *ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും.*

നമ്മെ എന്തിനായി സൂക്ഷിച്ചിരിക്കുന്നു എന്ന് വി.പത്രോസ് പറയുന്നു.

1Pet 1:3-4 *നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽനിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശെക്കായി, അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും*

1Pet 1:13 *ആകയാൽ നിങ്ങളുടെ മനസ്സു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ.*

നീതീകരണത്തിൽ ആരംഭിച്ച ഈ വിശുദ്ധീകരണം അതിന്റെ അന്ത്യലക്ഷ്യമായ മഹത്വീകരണത്തിൽ എത്തിച്ചേരും, നമ്മുടെ കർത്താവിന്റെ വരവിങ്കൽ. സർവ്വശക്തനാം ദൈവം രക്ഷിക്കപ്പെട്ട സകലരെയും തന്നിലേക്ക് ചേർക്കുന്ന നാൾ സമീപമായിക്കൊണ്ടിരിക്കുന്നു.

Gal 5:6 സ്നേഹത്താൽ വ്യാപരിക്കുന്നു വിശ്വാസം. Faith that works in Love.

നീതീകരണം വിശ്വാസത്താൽ - എന്നാൽ നീതീകരണം പ്രവചിച്ച വ്യക്തി തനിക്ക് ലഭിച്ച ഈ പുതിയ പദവി മറ്റുള്ളവരെ സ്നേഹിക്കാനും, കരുതാനും അവർക്കുവേണ്ടി നല്ല പ്രവൃത്തി ചെയ്യുവാനും സ്വയം ഏല്പിച്ചു കൊടുക്കുന്നു.

ഒരു ദൈവപൈതലിനെ സംബന്ധിച്ച് അഗ്രചർമ്മമോ, പരിഛേദനയോ ഇതൊന്നും അല്ല പ്രധാനപ്പെട്ട വിഷയം. Faith that works in Love സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസം. അതാണ് വിഷയം. അതാണ് കാര്യം.

Eph 2:10 *നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.*

James 2:14-18 *സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ, സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്ത വരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു: സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷെക്കു ആവശ്യമുള്ളതു അവർക്കും കൊടുക്കാതിരുന്നാൽ ഉപകാരം എന്തു?*

fleettech@gmail.com

*അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു. എന്നാൽ ഒരുത്തൻ: നിനക്കു വിശ്വാസം ഉണ്ടു; എനിക്കു പ്രവൃത്തികൾ ഉണ്ടു എന്നു പറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചുതരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചു തരാം.*

## TURNING TO LAW HINDERS THE PROGRESS OF BELIEVERS 5:7-10

Gal 5:7 ക്രിസ്തീയ ജീവിതത്തെ താരതമ്യപ്പെടുത്തുവാൻ വി.പൗലൂസ് ഉപയോഗിക്കാറുള്ള ഒരു വാക്കാണ് ഓട്ടം (Race)

1 Cor 9:24-26 *ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ. അങ്കം പൊരുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നതു; ആകാശത്തെ കുത്തുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു.*

2 Tim 4:7 *ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു.*

ഗലാത്യസഭ തങ്ങളുടെ ക്രിസ്തീയ ജീവിതമാകുന്ന "ഓട്ടം"നന്നായി ആരംഭിച്ചവർ. വിശ്വാസത്താൽ ഓടാൻ തുടങ്ങിയവർ ഇതാ ഇടയ്ക്ക് വെച്ച് ഞൊണ്ടുന്നു. വിശ്വാസ ത്തിന്റെ പാതയിൽ നിന്ന് വ്യതിചലിച്ച്, സ്വയ പ്രവൃത്തികളിൽ ആശ്രയിച്ച് ലക്ഷ്യ ത്തിൽ എത്താൻ കിണഞ്ഞ് പരിശ്രമിക്കുന്നു.

ആരാണ് ഇതിനു കാരണം? യഹൂദാ വാദികൾ. ന്യായപ്രമാണത്തിന്റെ ബന്ധനത്തി ലേക്ക് ക്രിസ്തീയ ഓട്ടം ഓടിക്കൊണ്ടിരിക്കുന്ന വിശ്വാസിയെ നയിക്കുന്ന കാഴ്ച.

Gal 5:8-10 ഗലാത്യർ ഇന്നു സ്വീകരിച്ചിരിക്കുന്ന വഴി, ദൈവത്തിൽ നിന്നുള്ളതല്ല. വി.പൗലൂസ് ഗലാത്യസഭയെ കർത്താവിങ്കലേക്ക് നയിച്ചത് കൃപയുടെ വഴിയിലൂടെയാണ്.

Salvation by Grace ആണ് അവർ കൈക്കൊണ്ടത്.

എന്നാർ ചിലർ അവരെ കലക്കി സുവിശേഷത്തിന്റെ സ്ഥാനത്ത് "അസത്യമായ വഴി" യിലേക്ക് അവരെ നയിക്കുന്നു.

ഈ വഞ്ചനയിൽ പെട്ടത് ഒരു minority മാത്രമായിരിക്കാം. എന്നാൽ അസാരം പുളി മാവ് അതായത് അസാരം ദുരുപദേശം, സഭയെ മുഴുവനും നശിപ്പിക്കാൻ അധികം സമയം വേണ്ട. വി.പൗലോസ് കൊടുക്കുന്ന ദൂത് ഗലാത്യസഭ അംഗീകരിക്കുകയും കൃപയുടെ മാർഗ്ഗത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യും എന്ന് പൗലൂസ് ഉറച്ച് വിശ്വസി ക്കുന്നു. ദുരുപദേശം പ്രചരിപ്പിക്കുന്നവർ ആരായാലും അവർക്ക് ദൈവം ശിക്ഷ കൊടുക്കും എന്ന് പൗലോസ് ഉറച്ചു വിശ്വസിക്കുന്നു.

Gal 5:11 പൗലൂസിന്റെ കർത്താവിങ്കലേക്ക് വരുന്നതിനു മുമ്പുള്ള പ്രവൃത്തിയെ എടുത്തു കൊണ്ട് പൗലൂസും അഗ്രചർമ്മ പരിച്ഛേദനയുടെയും ന്യായപ്രമാണത്തിന്റെയും വക്താവ് ആണെന്ന് ചിലർ പ്രചരിപ്പിക്കുന്നു.

ഇവിടെ പൗലൂസ് ഒരു മറു ചോദ്യം ചോദിക്കയാണ്. - അങ്ങനെയെങ്കിൽ ഇന്നും പൗലൂസ് പീഡിപ്പിക്കപ്പെടുന്നത് എന്തുകൊണ്ട്?

പൗലൂസ് ക്രൂശിന്റെ വചനം പ്രസംഗിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശുമരണം എന്ന മഹായാഗത്താൽ വിശ്വസിക്കുന്ന ഏവനും കൃപ, ഏവനും രക്ഷ, ഏവനും ദൈവവു മായി സമാധാനം. ഈ ക്രൂശിന്റെ വചനം ന്യായപ്രമാണത്തെ അതിന്റെ അന്ത്യത്തി ലെത്തിക്കുന്നു. ഇനി പിന്തുടരേണ്ടത് ക്രൂശിന്റെ വഴി. ന്യായപ്രമാണത്തിന്റെ ആച രണം നിർത്തു.

Gal 5:12 ന്യായപ്രമാണവാദികൾ, പരിഛേദനാവാദികൾ, അവർ ഇനിയും ആരെയും തെറ്റി ക്കാതെയിരിക്കാൻ അവർ സ്വയം "അംഗഛേദം" ചെയ്തെങ്കിൽ കൊള്ളാമായിരുന്നു എന്ന് പൗലൂസ് ആശിക്കുന്നു.

fleettech@gmail.com

"അംഗഛേദം ജാതികളുടെ ആചാരങ്ങളിലും. രീതികളിലും വളരെ വ്യാപകമായി അന്ന് നിലനിന്നിരുന്നു"

Gal 5:13-14 A life apart from Licence.

ഈ അദ്ധ്യായം ആരംഭിച്ചപ്പോൾ ഒന്നാം വാക്യത്തിൽ വി.പൗലൂസ് പ്രബോധിപ്പിച്ചു- ലഭിച്ച സ്വാതന്ത്ര്യം നഷ്ടമാകരുത്. ക്രിസ്തുവിൽ ലഭിച്ചത് ന്യായപ്രമാണത്തിന് അടിയറ വയ്ക്കരുത്. ഇവിടെ വി.പൗലൂസ് മുന്നറിയിപ്പ് തരുന്നു: ക്രിസ്തുവിൽ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത് എന്തും ചെയ്യുവാനുള്ള Licence അല്ല. ജഡത്തിന് കീഴ്പ്പെടരുത്. ജഡാഭിലാഷങ്ങൾക്ക് അടിമപ്പെടരുത്. പാപം ചെയ്യാനുള്ള ''അനുവാദമല്ല' ക്രിസ്തുവിൽ പ്രാപിച്ച സ്വാതന്ത്ര്യം.

ഈ സ്വാതന്ത്ര്യത്തിന് ഒറ്റ ലക്ഷ്യമേയുള്ളു. പരസ്പരം സ്നേഹിക്കുക.

പാപത്തിനും ന്യായപ്രമാണത്തിനും ബന്ധനസ്ഥരാകാതെ പരസ്പരം സ്നേഹിക്കുക എന്ന ബന്ധനത്തിന് സ്വയം ഏല്പിച്ചു കൊടുക്കുക.

A slavery of Mutual love, which is beneficial.

ഇതിന് ആധാരമായി വി.പൗലൂസ് ലേവ്യ 19:18 നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ വചനത്തിൽ ന്യായപ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്നു.

Lev 5:13-14 *ഇങ്ങനെ പുരോഹിതൻ ആ വക കാര്യത്തിൽ അവൻ ചെയ്ത പാപം നിമിത്തം അവന്നുവേണ്ടി പ്രായശ്ചിത്തം കഴിക്കേണം; എന്നാൽ അതു അവനോടു ക്ഷമിക്കും; ശേഷിപ്പുള്ളതു ഭോജനയാഗം പോലെ പുരോഹിതന്നു ഇരിക്കേണം. യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു എന്തെന്നാൽ:*

കർത്താവും ഇതുതന്നെ നമ്മെ പ്രബോധിപ്പിച്ചു.

Mat 22:39 *കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം.*

Luke 10:25-28 *അനന്തരം ഒരു ന്യായശാസ്ത്രി എഴുന്നേറ്റു: ഗുരോ, ഞാൻ നിത്യജീവന്നു അവകാശി ആയിത്തീരുവാൻ എന്തു ചെയ്യേണം എന്നു അവനെ പരീക്ഷിച്ചു ചോദിച്ചു.അവൻ അവനോടു: ന്യായപ്രമാണത്തിൽ എന്തു എഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു എന്നു ചോദിച്ചതിന്നു അവൻ: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം എന്നും തന്നെ എന്നു ഉത്തരം പറഞ്ഞു. അവൻ അവനോടു: നീ പറഞ്ഞ ഉത്തരം ശരി; അങ്ങനെ ചെയ്ക; എന്നാൽ നീ ജീവിക്കും എന്നു പറഞ്ഞു.*

ക്രിസ്തീയ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി (fullfilment) തന്നെ.

Gal 5:15 ഗലാത്യസഭയിൽ യഹൂദാ പാരമ്പര്യത്തിൽ നിന്നും വന്ന ദുരുപദേശകർ ചിലരെ വശത്താക്കി വിശ്വാസത്താലുള്ള രക്ഷയിൽ ഉറച്ചു നിന്ന വിശ്വാസികളും തമ്മിൽ പ്രയാസങ്ങൾ ഉണ്ടാക്കി. There was strife in them.

ഈ സ്ഥിതി ക്രിസ്തീയ സ്നേഹത്തിന്റെ പ്രദർശനമല്ല. സാക്ഷ്യം നഷ്ടപ്പെട്ട ഒരു സഭയായി ഗലാത്യസഭ തീരുന്നത് വി.പൗലൂസ് അവരെ മനസ്സിലാക്കുന്നു

Gal 5:16-26. A life according to the spirit

Gal 5:16 5:15 ൽ പറഞ്ഞ ഗലാത്യസഭയുടെ, സ്ഥിതിക്ക് മാറ്റം വേണം. എങ്ങനെ മാറ്റം ഉണ്ടാകും? അതാണ് 16-ാം വാക്യം. Live by the spirit. ആത്മാവിനെ അനുസരിച്ചു നടക്കുക.

Keep on walking in the spirit.

ജീവിതം മുഴുവനും ആത്മാവിൽ നടക്കുക. അതാണ് ക്രിസ്തീയ ജീവിതത്തിന്റെ വിജയരഹസ്യം.

കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച വ്യക്തിക്ക് സ്വർഗ്ഗം കൊടുക്കുന്ന Gift (അച്ചാരം) അതത്രെ ദൈവത്തിന്റെ പരിശുദ്ധാത്മാവ്.

fleettech@gmail.com

The indwelling holy spirit in a believer.

മാർഗ്ഗ ദർശനത്തിനായി, ദൈനംദിന ജീവിത നടത്തിപ്പിനായി പരിശുദ്ധാത്മാവിനെ ആശ്രയിക്കുക.

Learn on Him. Learn from Him. Obey Him. Follow His guidance. ഇതാണ് ആത്മാവിനെ അനുസരിച്ച് നടക്കുക എന്ന ഉപദേശം.

ജഢമോഹം "ആത്മാവി"നെതിരാണ്. ജഢമോഹം ജയിക്കുന്നതെപ്പോൾ? വിശ്വാസി ആത്മാവിനെ അനുസരിച്ച് നടക്കാതെയിരിക്കുമ്പോൾ ജഢമോഹം ജയിക്കും.

Gal 5:17 മനുഷ്യരിൽ, അഥവാ ക്രിസ്തീയ വിശ്വാസികളിൽ, നാം ജഢത്തിൽ വസിക്കും കാലമത്രയും രണ്ട് പ്രകൃതി നമ്മിൽ വസിക്കുന്നു.

1. ജഢം- ഇത് ജനനത്താൽ കിട്ടിയ Nature. It is sinful. No one can remove it. No one can aviod it.

എന്നാൽ യേശുവിൽ വിശ്വസിച്ചപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു പുതിയ പ്രകൃതി നമുക്ക് തന്നു. (2 Pet 1:4)

2 Pet 1:4 *അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു.*

അതാണ് ആത്മീക ജീവിതം. അതാണ് ദിവ്യ സ്വഭാവത്തിനു കൂട്ടാളിയായിത്തീരുവാൻ ഇടവന്നത്.

2. ആത്മാവ് - ദിവ്യസ്വഭാവം

ഈ രണ്ട് പ്രകൃതിയും വിശ്വാസിയിൽ ഉണ്ട്. രണ്ടും തമ്മിൽ continuous warfare. Conflict continuous.

ആത്മാവിനെ അനുസരിച്ച് നടക്കുന്ന വിശ്വാസി ജഢാഭിലാഷങ്ങളെ തോല്പിക്കുന്നു.

ആത്മാവിനെ അനുസരിച്ച് വിശ്വാസ ജീവിതം നയിക്കാത്ത വിശ്വാസി, ജഢാഭിലാഷങ്ങൾക്ക് കീഴ്പ്പെടും. അവിടെ പരാജയം ഉണ്ടാകും.

അതാണ് ജഢിക മനുഷ്യർ. ആത്മിക മനുഷ്യനായി ജീവിക്കേണ്ടവൻ, ജഢിക മനുഷ്യനായി ജീവിക്കുന്നു. അതാണ് തോൽവി അടഞ്ഞ ക്രിസ്തീയ ജീവിതം.

നല്ലതു ചിന്തിക്കാൻ കഴിയുന്നില്ല. നല്ലതു പ്രവർത്തിപ്പാൻ കഴിയുന്നില്ല.

പ്രവർത്തിക്കുന്നതു തിന്മ. പാപ സ്വഭാവത്തിന് സ്വയം അടിമയാകുന്നു. ഇതാ ക്രിസ്ത്യാനി ബന്ധനസ്ഥനായി കഴിയുന്നു. A prisoner to flesh. ജഢത്തിന്റെ തടവുകാരൻ.

Gal 5:18 ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു steps

(1) Salvation (Justification- നീതീകരണം)

(2) Sanctification (വിശുദ്ധീകരണം)

ഈ രണ്ടു steps നും വേണം faith. രണ്ടു കാര്യത്തിനും വിശ്വാസം വേണം. യേശുക്രിസ്തുവിൽ വിശ്വസിച്ച് സ്വയം സമർപ്പിച്ചപ്പോൾ ലഭിച്ചു "നീതീകരണം". പുത്രനിൽ വിശ്വസിക്കുന്നവൻ രക്ഷിക്കപ്പെടുന്നു.

ഇതേ തത്വം തന്നെയാണ് വിശുദ്ധീകരണത്തിനും ഉള്ളത്. പരിശുദ്ധാത്മാവിനെ അനുസരിച്ച്, കീഴടങ്ങി, സമർപ്പിച്ചു ജീവിക്കുമ്പോൾ നാം പ്രാപിക്കുന്നു വിശ്വാസത്താൽ വിശുദ്ധീകരണം.

രണ്ടിനും പ്രവൃത്തിയല്ല കാരണം. വിശ്വാസം അത്രെ കാരണം.

Be justified by faith in Jesus Christ

fleettech@gmail.com

Be sanctified by faith in the Holy spirit

ആത്മാവിനെ കീഴ്പ്പെട്ടു ജീവിക്കുന്ന ഒരു വ്യക്തിയെ ജഡം ഒരിക്കലും തോല്പിക്കാൻ വരില്ല.

So live a victories sanctified christian life by faith in holy spirit surrender to holy spirits guidance and be sanctified.

Gal 5:19 ആത്മാവിനെ അനുസരിച്ച് നടക്കാത്ത ക്രിസ്ത്യാനി - തീർച്ചയായും ജഡത്തിന് അനുസരിച്ച് ജീവിക്കും. ജഡത്തിന്റെ പ്രകൃതി ഒരിക്കലും മരിക്കുന്നില്ല. ആത്മാവു ഭരിക്കാത്ത ജീവിതങ്ങളെ ജഡം ഭരിക്കും. ജഡത്തിന്റെ പ്രവത്തികൾ പാപം. അത് എന്തെല്ലാം പ്രവൃത്തിക്കാൻ വെമ്പുന്നു? വി.പൗലൂസ് ജഡം വെളിവാക്കുന്ന പാപ പ്രവൃത്തികളെ 4 ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ public sin ഉണ്ട്, private sin ഉണ്ട്.

(1) Three sexual sins (ലൈംഗികപാപങ്ങൾ)

ദുർനടപ്പ് (Fornication) Pornography ഈ വാക്കിൽ നിന്നും വന്നു. sexual immorality. എല്ലാ രീതിയിലുമുള്ള അനധികൃത ലൈംഗിക ബന്ധങ്ങൾ ഈ നിർവചനത്തിൽ ഉൾക്കൊള്ളുന്നു.

അശുദ്ധി (Impurity) ചിന്തയിൽ, വാക്കിൽ, പ്രവൃത്തിയിൽ അശുദ്ധി നിറഞ്ഞു നിൽക്കുന്നു

Eph 5:3-4 (R) *ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുതു; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കും ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രേ വേണ്ടതു.*

ദുഷ്ക്കാമം (Debauchery) ഈ മുകളിൽ പറഞ്ഞ അശുദ്ധികളുടെ പരസ്യമായ പ്രദർശനവും ലജ്ജാകരമായ പ്രവൃത്തികളും

പരിശുദ്ധാത്മാവ് ഓരോ വിശ്വാസിയിലും എത്രമാത്രം "വിശുദ്ധി" ആഗ്രഹിക്കുന്നു. പ്രതീക്ഷിക്കുന്നു.

We need to understand Holy Spirit's desire about all of us. We must be Holy as Jesus is Holy, As God Almighty is Holy, As Holy spirit is Holy!

ഇതാണ് നമ്മിൽ ഓരോരുത്തരെയും പറ്റി പരിശുദ്ധാത്മാവിന്റെ ആഗ്രഹം

(2) ലൈംഗിക പാപങ്ങളോട് ചേർത്ത് രണ്ടു "ആരാധനാ"പാപങ്ങൾ - "വിഗ്രഹാരാധന, ആഭിചാരം" വിവരിച്ചിരിക്കുന്നു.

ഒന്നാം നൂറ്റാണ്ടിലെ ജാതീയ ആരാധനാ സ്ഥലങ്ങൾ ലൈംഗിക പാപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സ്ഥലങ്ങൾ ആയിരുന്നു.

ജാതികളുടെ വിഗ്രഹങ്ങളുടെ മുമ്പിൽ വിണ് നമസ്കരിക്കുന്നതിനോട് ചേർന്നു തന്നെ വ്യഭിചാര സ്ഥലങ്ങളും ചേർന്നു നിന്നിരുന്നു.

പുരുഷ, സ്ത്രീ വ്യഭിചാരികൾ ജാതികളുടെ ക്ഷേത്രങ്ങളോട് ചേർന്നു സുലഭമായിരുന്നു.

വിഗ്രഹാരാധനയോടു ചേർന്ന വ്യഭിചാര പ്രവൃത്തി - അതിനോടു ചേർന്ന് ആഭിചാരവും ഇവിടെ കാണുന്നു

Witchcraft - എന്നത് ഗ്രീക്കിൽ Pharmakea എന്നവാക്കിന്റെ വിവർത്തനമാണ്.

Pharmacy എന്നവാക്ക് Pharmakea യിൽ നിന്നുമുണ്ടായി. ഇതെങ്ങനെ ബന്ധം ?

പൈശാചിക ശക്തികളെ ആരാധിക്കുമ്പോൾ Drugs ന്റെ ഉപയോഗം ഉണ്ട്. Witchcraft ൽ പൈശാചിക ശക്തികളെ ആരാധിക്കുന്നു. അതുപോലെ മയക്കു മരുന്നുകൾ ഉപയോഗിക്കുന്നു.

fleettech@gmail.com

| | |
|---|---|
| Gal 5:20 | Tribulation period ൽ ഇതു വർദ്ധിക്കും എന്നും കാണുന്നു. |
| | Rev 9:21,18:23 (ക്ഷുദ്രം) |
| Rev 9:21 | *തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല.* |
| Rev 18:23 | *വിളക്കിന്റെ വെളിച്ചം ഇനി നിന്നിൽ പ്രകാശിക്കയില്ല; മണവാളന്റെയും മണവാട്ടിയുടെയും സ്വരം ഇനി നിന്നിൽ കേൾക്കയില്ല; നിന്റെ വ്യാപാരികൾ ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു; നിന്റെ ക്ഷുദ്രത്താൽ സകലജാതികളും വശീകരിക്കപ്പെട്ടിരുന്നു.* |

8 സാമൂഹ്യ പാപങ്ങൾ ഇതിനോട് ചേർന്ന് കാണുന്നു.

Hatred = ഗ്രൂപ്പുകൾ തമ്മിലുള്ള ശത്രുത =(പക)

Discord = Hatred ന്റെ ഫലം = (പിണക്കം) ഗലാത്യസഭയിൽ രണ്ടു ഗ്രൂപ്പുകൾ. അവിടെ പിണക്കം ഉണ്ടായിരുന്നു തീർച്ച.

Jealousy = ജാരശങ്ക - (sinful and self centered type) (zelos)

ക്രോധം = Fits of rage - outburst of temper - ( Result of smouldering jealousy)

ശാഠ്യം = selfish ambition (Phil 2:3 ശാഠ്യം, ദുരഭിമാനം)

= മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിച്ചുകൊണ്ട് സ്വന്ത താല്പര്യം നേടുക

ദ്വന്ദ്വപക്ഷം = Dissensions

ഭിന്നത = Factions - വ്യക്തികൾക്കു വേണ്ടി, അഥവാ വിഷയങ്ങൾക്കു വേണ്ടി ചേരി തിരിഞ്ഞു വഴക്കുണ്ടാക്കുമ്പോൾ ദ്വന്ദ്വപക്ഷം ഉണ്ടാകുന്നു. ഭിന്നത ഉണ്ടാകുന്നു.

അസൂയ = ENVY (മറ്റുള്ളവനുള്ളതു സ്വന്തമാക്കാനുള്ള തെറ്റായ ആഗ്രഹം). വ്യക്തി ബന്ധങ്ങളും സ്നേഹവും തകരുന്നതിനുള്ള മൂലകാരണം അസൂയ. ഇത് ഭവനങ്ങളി ലുണ്ട്, സമൂഹത്തിലുണ്ട്, സഭയിലുണ്ട്.

മദ്യപാനം, വെറിക്കൂത്ത്:- ഇന്നും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന വലിയ തിന്മയത്രെ മദ്യപാനം. മദ്യപാനത്തോടു ചേർന്നുള്ള സകല ദൂഷ്യങ്ങളും നമ്മുടെ സമൂഹം അനുഭവിക്കുന്നു

Broken homes, Broken Family relations ഇതൊക്കെ നാം എന്നും കാണുന്നു.

വെറിക്കൂത്ത്:- മദ്യപാനത്തോടു ചേർന്നുതന്നെ ചിലഗ്രീക്കു ദേവന്മാരെ ആരാധിച്ച് സ്വയം മറന്ന് കൂത്തുകാഴ്ചയായി തീരുക.Wine ന്റെ ദേവനാണത്രെ Baechus. ഗ്രീക്കുകാർ അങ്ങനെ വിശ്വസിക്കുന്നു.

ഈ പറഞ്ഞ List തീരുന്നില്ല. മുതലായവ എന്നു പറഞ്ഞ് നിർത്തുകയാണ്.

വി.പൗലൂസ് ഗലാത്യ വിശ്വാസികൾക്ക് മുന്നറിയിപ്പു കൊടുത്ത് പ്രബോധിപ്പിക്കുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കയില്ല. ദൈവരാജ്യം അവകാശ മാക്കാനായി കാംക്ഷിക്കുന്ന വ്യക്തി തങ്ങളെത്തന്നെ ശോധന ചെയ്ത് ഈ വക ദോഷങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടത് അത്യാവശ്യം തന്നെ.

| | |
|---|---|
| Gal 5:22-23 | The power for victory over sin |

16-ാം വാക്യത്തിൽ നാം കണ്ട ആത്മാവിനെ അനുസരിച്ചു നടക്കുന്നവർ ഒരിക്കലും ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്ന്.

ആത്മാവിനെ അനുസരിച്ചു നടക്കുന്നവർ ഈ അനുഗ്രഹ ഫലങ്ങൾ പുറപ്പെടുവിക്കു ന്നവർ.

9 ഫലങ്ങൾ. Nine graces

ക്രിസ്തുവിനോടു ചേർന്നു നിൽക്കുന്ന വിശ്വാസിയിൽ ഈ ഫലം പുറപ്പെടുവിക്കു ന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്.

fleettech@gmail.com

| | |
|---|---|
| John 15:1-8 | *ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു; കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു. ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു. എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അതു വെന്തുപോകും. നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും. നിങ്ങൾ വളരെ ഫലം കായക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും.* |
| | ആത്മാവിന്റെ "ഫലം"എന്ന singular noun ആണുപയോഗിച്ചിരിക്കുന്നത്. ഈ 9 qualities ഉം ഒറ്റ ഫലം. എല്ലാം ഒരേ ആത്മാവിന്റെ ഫലം വിശ്വാസിയിൽ പുറപ്പെടുവിക്കണം. |
| | യേശുക്രിസ്തു വിശ്വാസിയിൽ ജീവിക്കുമ്പോൾ ഫലം ഇതാണ്. |
| 2 Cor 3:18 | *എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.* |
| Phil 1:21 | *എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.* |
| (A) | സ്നേഹം, സന്തോഷം, സമാധാനം - ഇതിന്റെ ഉറവിടം ദൈവം തന്നെ. |
| | ഒന്നാമത്തേതു സ്നേഹം - കാരണം അതാണ് അടിസ്ഥാനം. |
| 1 John 4:8 | *സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ.* |
| John 3:16 | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.* |
| | **സ്നേഹം** |
| | സ്വയം മറ്റുള്ളവർക്കുവേണ്ടി യാഗമായി അർപ്പിക്കാൻ തയ്യാറായ സ്നേഹം. ഈ സ്നേഹം ഓരോ വിശ്വാസിയിലും ഉണ്ടാകണം. |
| | **സന്തോഷം** |
| | ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്ന ഭാവം. Rejoicing inside believers heart. Deep and abiding inner rejoicing. |
| John 15:11 | *എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു.* |
| | സാഹചര്യങ്ങളെ ആശ്രയിച്ചുള്ള, സന്തോഷമല്ലിത്. ദൈവം സകല സാഹചര്യത്തിനും മുകളിൽ നിയന്ത്രിക്കുന്നു എന്നുള്ള ആഴമായ വിശ്വാസം ഹൃദയത്തിൽ സന്തോഷം പകരുന്നു. |
| | God is in sovereign control of my life. |
| Rom 8:28 | *എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കും, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.* |
| | **സമാധാനം** |
| | ഈ സമാധാനം തരുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. |

fleettech@gmail.com

It is the inner response to quietness even in the face of adverse circumstance.

Phil 4:7 *എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.*

സകല ബുദ്ധിയെയും കവിയുന്ന ദിവ്യ സമാധാനം.

(B) രണ്ടാമത്തെ ഗ്രൂപ്പിൽ ദീർഘക്ഷമ, ദയ, പരോപകാരം. മറ്റുള്ളവർക്കുവേണ്ടി നമ്മിൽ നിന്നും പുറപ്പെടുന്ന ഫലം.

**ദീർഘക്ഷമ** - Patience - എന്തു പ്രകോപനമുണ്ടായാലും അത് ക്ഷമയോടെ നേരിടാനുള്ള കഴിവ്.

2 Cor 6:6 *ദീർഘക്ഷമ, ദയ, പരിശുദ്ധാത്മാവു, നിർവ്യാജസ്നേഹം, സത്യവചനം, ദൈവശക്തി*

Col 1:11 *സകല സഹിഷ്ണുതെക്കും ദീർഘക്ഷമെക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന്നു ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടേണമെന്നും*

Col 3:12 *അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു*

ആര് എന്ത് എതിരായി ചെയ്താലും യാതൊരു പ്രതികാരവും ചെയ്യാൻ ചിന്തിക്കാത്ത മനസ്സ്. അതാണ് ദീർഘക്ഷമ - Patience.

**ദയ** : Kindness - Benevolence in action ദൈവം മനുഷ്യനോടു കാണിച്ച മനോഭാവം - ദൈവം തനിക്കെതിരെ പോരാടുന്ന പാപിയായ മനുഷ്യനോടു കാണിച്ച ദയ.

Rom 2:4 *അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?*

Eph 2:7 *ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.*

ഇതാണു ശരിയായ ദയ.

ഓരോ വിശ്വാസിയിലും ഈ Quality യാണു ഫലമായി ഉണ്ടാകേണ്ടത്.

**പരോപകാരം: Goodness**

അർഹിക്കാത്തവർക്കുപോലും അർഹിക്കാത്ത സ്ഥാനത്ത് സഹായഹസ്തം നീട്ടി ഇറങ്ങിചെന്ന് സഹായിക്കുന്ന അനുഭവം. ഇതാണ് പരോപകാരം. Goodness.

(C) മൂന്നാമത്തെ ഗ്രൂപ്പിൽ പെടുത്താവുന്ന മൂന്നു ഗുണങ്ങൾ ഒരു വിശ്വാസിയുടെ ജീവിതത്തിനുണ്ടാകേണ്ട പൊതുവായ ഫലമത്രെ. പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് വിശ്വാസിയുടെ ജീവിതത്തിൽ വിശ്വസ്തത, സൗമ്യത, ഇന്ദ്രജയം. [Faithfulness, Gentleness, Self control] ഈ ഗുണങ്ങളെ പ്രദർശിപ്പിക്കും.

**വിശ്വസ്തത** - Faithfulness, Trustworthy person, Reliable person, Faithful servant. വിശ്വസ്ത ദാസൻ

Luke 16:10-12 *അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതി കെട്ടവൻ. നിങ്ങൾ അനീതിയുള്ള മമ്മോനിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായതു നിങ്ങളെ ആർ ഭരമേല്പിക്കും? അന്യമായതിൽ വിശ്വസ്തരായില്ല എങ്കിൽ നിങ്ങൾക്കു സ്വന്തമായതു ആർ തരും?*

**സൗമ്യത** - Gentleness ദൈവവചനത്തിനു കീഴ്പ്പെടുന്ന വ്യക്തിയുടെ ജീവിതത്തിൽ ഈ സൗമ്യത നാം കാണും. സൗമ്യതയോടെ വചനം കൈക്കൊൾക.

James 1:21 *ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൌമ്യതയോടെ കൈക്കൊൾവിൻ.*

1Cor 4:21 *നിങ്ങൾക്കു ഏതു വേണം? ഞാൻ വടിയോടുകൂടെയോ സ്നേഹത്തിലും*

fleettech@gmail.com

*സൗമ്യാത്മാവിലുമോ നിങ്ങളുടെ അടുക്കൽ വരേണ്ടതു?*

Eph 4:2 *പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും*

Col 3:12 *അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു*

1 Pet 3:16 *ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിന്നു നല്ലമനസ്സാക്ഷിയുള്ളവരായിരിപ്പിൻ*

**ഇന്ദ്രിയജയം** - Self control. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടി ക്രൂശിച്ചിരിക്കുന്ന വിശ്വാസിയുടെ ജീവിതാനുഭവം. ജഡമോഹങ്ങളെ കീഴടക്കുവാൻ വേണം ഇന്ദ്രിയജയം.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമേ ഈ ഗുണം നേടുവാൻ കഴിയുകയുള്ളു. ഈ ഗുണങ്ങൾക്കു വിപരീതമായി ഒരു ന്യായപ്രമാണവുമില്ല. ഇങ്ങനെ പറയുന്നതിന്റെ ആന്തരിക അർത്ഥം - ഈ ഗുണങ്ങൾ ജീവിതത്തിൽ വിളങ്ങിനിൽക്കുന്ന സഹോദരങ്ങൾക്ക് എതിരായി ആരും ഒരു നിയമവും നിർമ്മിക്കേണ്ട എന്നതു തന്നെ.

Do not fabricate any LAW against believers who exhibit these qualities in life.

**Gal 5:24-26 The Provision for victory over sin**

Gal 5:24 ക്രിസ്ത്യാനിയുടെ, വിശ്വാസിയുടെ ജയജീവിതത്തിന്റെ രഹസ്യം ഈ വാക്യത്തിലുണ്ട്.

ജഢീകൻ ആര്? ജഢത്തിന്റെ ഹിതമനുസരിച്ച് ജീവിക്കുന്നവൻ.

ആത്മീകൻ ആര്? പരിശുദ്ധാത്മാവിന്റെ ഹിതമനുസരിച്ച് ജീവിക്കുന്നവൻ.

പരിശുദ്ധാത്മാവിന്റെ ഹിതമനുസരിച്ച് ജീവിക്കണമെങ്കിൽ പരിശുദ്ധാത്മനിറവു വേണം. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തോടു നാം അനുരൂപപ്പെടുമ്പോൾ, പിന്നെ നാം ജീവിക്കുന്നത് ഉയർത്തെഴുന്നേറ്റ ക്രിസ്തുവോടു കൂടെയാണ്.

ഉയർത്തെഴുന്നേറ്റ ക്രിസ്തു നമുക്ക് തന്ന ദാനം - ദൈവത്തിന്റെ പരിശുദ്ധാത്മാവ്. He is God themself.

Gal 2:20 - ഇനി ഞാൻ ജീവിക്കുന്നില്ല. I (the old flesh) no more live.

ഒരു യഥാർത്ഥ ദൈവപൈതലിന്റെ ജീവിതം Gal 2:20 അത്രെ. അതുതന്നെ പല ലേഖനങ്ങളിലും നാം കാണുന്നു.

Rom 6:1-6 *ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുതു. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ? അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു.*

Col 2:11 *അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു.*

Col 3:9 *അന്യോന്യം ഭോഷ്കു പറയരുതു. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു,*

യേശുക്രിസ്തുവിനോടു കൂടെ നാം ക്രൂശിക്കപ്പെട്ടിരിക്കുന്നു. ജഢത്തെയാണ്

fleettech@gmail.com

ക്രൂശിച്ചത്. ഇനി ജീവിക്കേണ്ടത് ആത്മാവിനെയനുസരിച്ച്.

എന്നാൽ നാം ഒരു കാര്യം മനസ്സിലാക്കണം. മനുഷ്യശരീരത്തിൽ നാം എന്നുവരെ ഇരിക്കുന്നുവോ അന്നുവരെയും നമ്മിൽ ഉള്ള "പാപസ്വഭാവം"നമ്മെ തെറ്റിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും.

ഇവിടെ എങ്ങനെ ജയിക്കും? Yes. വിശ്വാസത്താൽ ഉള്ളിന്റെയുള്ളിൽ നിന്നും പറയണം ജഢമേ ഞാൻ നിന്നേ എന്നേ ക്രൂശിച്ചു. ഇനി ആ പഴയ ഞാൻ ജീവിക്കുന്നില്ല.

ഇങ്ങനെ പറയാനുള്ള ധൈര്യം തരും ദൈവത്തിന്റെ പരിശുദ്ധാത്മാവ്. Rely on Him by faith. Claim victory everyday. എന്നും ജയം അവകാശപ്പെടണം.

Rom 6:11-12 *അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നു ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ. ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു,*

ക്രിസ്തുയേശുവിനുള്ളവർ ജഢത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടി ക്രൂശിച്ചി രിക്കുന്നു.

Gal 5:25-26 വിശ്വാസി തന്നിലുള്ള "പാപ സ്വഭാവത്തെ"കീഴ്പ്പെടുത്തണം. അതേ സമയം "ആത്മ സ്വഭാവത്തെ" ഉദ്ദീപിപ്പിക്കണം. A devine enablemeant of spiritual character. ഇതെ ങ്ങനെ സാധിക്കും? പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ഓരോ കാൽവയ്പിലും വേണം. ഓരോ വാക്കിലും, ഓരോ പ്രവർത്തിയിലും ഈ ദൈവികസാന്നിധ്യം നിറഞ്ഞു നിൽക്കണം. എത്രമാത്രം പരിശുദ്ധാത്മാവിന്റെ വിശുദ്ധിക്കും കൃപക്കും ചേർന്ന ഒരു ജീവിതം നാം നയിക്കണം.

അങ്ങനെ ചെയ്യുമ്പോൾ നാം യഥാർത്ഥത്തിൽ "പുതിയൊരു" ജീവിതത്തത്തിനുടമ യായിത്തീരുന്നു. പരിശുദ്ധാത്മാവിനു മാത്രമേ നമ്മെ പുതുസൃഷ്ടിയായി രൂപാന്തര പ്പെടുത്താൻ കഴിയൂ.

John 3:5-6 *അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിക യില്ല. ജഢത്താൽ ജനിച്ചതു ജഢം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു.*

എന്നാൽ പരിശുദ്ധാത്മാവിനു കീഴ്പ്പെടാതെ മറുതലിച്ചു നിൽക്കുന്ന വിശ്വാസി ജഢി കനായിത്തീരുന്നു. അവിടെ അന്യോന്യം പോരിനു വിളിച്ചും, അസൂയപ്പെട്ടും കൊണ്ട് വൃഥാഭിമാനികൾ ആയി മാറുന്നു.

This is walking in flesh instead of walking in spirit

അവിടെ ദുരുപദേശം കടന്നു വരുന്നു. ഐക്യമത്യം നഷ്ടപ്പെട്ട്, ഒത്തൊരുമ നഷ്ട പ്പെട്ട്, പരസ്പരം എതിർക്കുന്ന വിഭാഗീയത ഉണ്ടാകുന്നു. ജഢം സഭയെ തകർക്കുന്ന കാഴ്ച നാം കാണുന്നു.

ക്രിസ്തുയേശുവിനുള്ളവർ ജഢത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിക്കേ ണ്ടിയിരിക്കുന്നു. കർത്താവിന്റെ സഭ ആത്മാവിനെ അനുസരിച്ച് ആത്മീകസമൃദ്ധി പ്രാപി പ്പാനായി നിയമിക്കപ്പെട്ടിരിക്കുന്നു.

fleettech@gmail.com